(ബി) എങ്കിൽ ഇതു സംബന്ധിച്ച നടപടികളും ഏത് ഘട്ടത്തിൽ എത്തിയിട്ടുണ്ട്;

(സി) പാലത്തിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയും?

ഉത്തരം

(എ—സി) വിശദമായ പഠനത്തിനുശേഷം പാലത്തിന്റെ നിർമ്മാണത്തെ സംബന്ധിച്ച് തീരുമാനിക്കുന്നതാണ്.

പെരുവണ്ണാമൂഴി ഡാമിന്റെ ലീക്ക്

61 [2670] ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പയിലെ പെരുവണ്ണാമൂഴി ഡാമിന്റെ ലീക്കിനെ സംബന്ധിച്ച് പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഡാം കൂടുതൽ ബലവത്താക്കാൻ ആവശ്യമായ നടപടികളും സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) സംസ്ഥാനതല അണക്കെട്ട് സുരക്ഷാ സമിതിയും, അണക്കെട്ട് സുരക്ഷാ ഓർഗനൈസേഷനും 12-1-2005-ന് പെരുവണ്ണാമൂഴി ഡാം പരിശോധിക്കുകയും ഡാം സുരക്ഷിതമാക്കുവാൻ ആവശ്യമായ നിർദ്ദേശങ്ങളും നൽകുകയും ചെയ്തിട്ടുണ്ട്. ടി നിർദ്ദേശങ്ങൾ ഡാമിൽ പ്രാവർത്തികമാക്കിക്കൊണ്ടിരിക്കയാണ്.

കൂടാതെ ഡാമിന്റെ അറ്റകുറ്റ പണികൾക്കായി, 2004-2005-ൽ 27 ലക്ഷം രൂപയ്ക്കുള്ള പണികൾക്ക് ചീഫ് എഞ്ചിനീയർ അനുവാദം നൽകിയിട്ടുണ്ട്. ടി പണികളും നടന്നുവരികയാണ്.

കുറ്റ്യാടി ജലസേചന പദ്ധതി

62 [2671] ശ്രീ. എ. സി. ഷൺമുഖദാസ്:
,, സി. കെ. നാണു:
,, കെ. പി. മോഹനൻ:
ഡോ. എ. നീലലോഹിതദാസൻ നാടാർ:
,, കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര ജലസേചന പദ്ധതികളും ഇതിനകം കമ്മീഷൻ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കുറ്റ്യാടി ജലസേചന പദ്ധതി എന്നാണ് കമ്മീഷൻ ചെയ്തതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly